**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2228 — 18.07.2016 ൽ മറുപടിയ്ക്ക്

**സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവർ**

ചോദ്യം — **ശ്രീ.രാജു എബ്രഹാം**

മറുപടി — **ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത ആളുകൾ എത്രയെന്ന് ജില്ലതിരിച്ച് കണക്ക് നൽകാമോ; | സംസ്ഥാനത്ത് സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത ആളുകളുടെ എണ്ണം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരം ആളുകൾക്കായി പ്രഖ്യാപിച്ച സീറോ ലാന്റ്ലെസ് പദ്ധതി പ്രകാരം എത്രയാളുകൾക്ക് ഭൂമി നൽകിയിട്ടുണ്ട് എന്നതിന്റെ കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളിൽ 58,398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചെങ്കിലും 29,875 കുടുംബങ്ങൾക്ക് മാത്രം നാളിതുവരെ ഭൂമി കൈമാറിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:- |

| ജില്ല | ഭൂമി കൈമാറിയ കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 792 |
| കൊല്ലം | 328 |
| പത്തനംതിട്ട | 661 |
| ആലപ്പുഴ | 183 |
| കോട്ടയം | 244 |
| ഇടുക്കി | 2609 |
| എറണാകുളം | 885 |
| തൃശ്ശൂർ | 412 |
| പാലക്കാട് | 2085 |
| മലപ്പുറം | 800 |
| കോഴിക്കോട് | 993 |
| വയനാട് | 534 |

| | |
|---|---|
| കണ്ണൂർ | 10297 |
| കാസറഗോഡ് | 9052 |
| ആകെ | 29875 |

പട്ടയം നൽകിയതിൽ ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പൂർത്തിയായിട്ടില്ല.

(സി) ഇപ്രകാരം ഭൂമി അനുവദിക്കപ്പെട്ടവർക്ക് ആയത് ഇതുവരെ കൈവശത്തിലായില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ആളുകൾക്കാണ് ഇപ്രകാരം അനുവദിക്കപ്പെട്ട ഭൂമി ലഭിക്കാതിരിന്നിട്ടുള്ളതെന്ന് ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ;

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി അനുവദിച്ചെങ്കിലും ആയത് നൽകിയില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി കേസുകളും, തർക്കങ്ങളും ഒഴികെയുള്ള കേസുകളിൽ ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ നടന്നുവരുന്നുണ്ട്. അനുവദിക്കപ്പെട്ട ഭൂമി നാളിതുവരെ നൽകാൻ കഴിയാത്ത കേസുകളുടെ എണ്ണം ജില്ലതിരിച്ച് താഴെചേർക്കുന്നു:-

| ജില്ല | ഭൂമി അനുവദിച്ച കേസുകളുടെ എണ്ണം | ഭൂമി കൈമാറാൻ അവശേഷിക്കുന്ന കേസുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3181 | 2389 |
| കൊല്ലം | 1553 | 1225 |
| പത്തനംതിട്ട | 883 | 222 |
| ആലപ്പുഴ | 256 | 73 |
| കോട്ടയം | 1309 | 1065 |
| ഇടുക്കി | 8561 | 5952 |
| എറണാകുളം | 1449 | 564 |
| തൃശ്ശൂർ | 1043 | 631 |
| പാലക്കാട് | 4329 | 2244 |
| മലപ്പുറം | 1320 | 520 |
| കോഴിക്കോട് | 1550 | 557 |
| വയനാട് | 858 | 324 |
| കണ്ണൂർ | 15962 | 5665 |
| കാസറഗോഡ് | 16144 | 7092 |
| ആകെ | 58398 | 28523 |

| | | |
|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഭൂമി അനുവദിച്ചിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ ഭൂമിയുടെ കൈവശം വിട്ടുകൊടുക്കാൻ കഴിയാത്ത കേസുകളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ